(സി) ഇക്കാര്യത്തിൽ , എന്തെങ്കിലും അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡ എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

വനിതാ തടവുകാരിയെ കാണാതായ സംഭവം

1096. [1627] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത കാലത്ത് തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിൽ കോടതി റിമാൻറ് ചെയ്ത 92 വനിതാ തടവുകാരിൽ ഒരാളെ കാണാതായ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തടവുകാരിയുടെ തിരോധാനം സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) തിരുവനന്തപുരം പൂജപ്പുര സെൻട്രൽജയിലിൽ നിന്നും വനിതാ തടവുകാരിയെ കാണാതായിട്ടില്ല. എന്നാൽ കൊട്ടാരക്കര സബ് ജയിലിൽ നിന്നും തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് മാറിയ 92 സ്ത്രീ തടവുകാരെ പ്രവേശിപ്പിക്കുന്നതിനായി പരിശോധിച്ചപ്പോൾ അവരിൽ ഒരാളായ സാവിത്രി കുറവുണ്ടെന്ന് കാണുകയും യഥാസമയം വിവരം കൊട്ടാരക്കര ജുഡീഷ്യൽ സെക്കൻറ് ക്ലാസ് കോടതിയേയും, പോലീസ് സബ് ഇൻസ്പെക്ടറേയും ധരിപ്പിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പ്രതിയെ വീണ്ടും അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി.

പാലക്കാട് ജില്ലയിലെ കൊലപാതകങ്ങൾ

1097. [1628] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 മേയ് മാസം 25 മുതൽ 1986 ഒക്ടോബർ 25 വരെ പാലക്കാട് ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നുവെന്നും ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ പാലക്കാട് ജില്ലയിൽ നടന്ന ബലാൽസംഗങ്ങൾ എത്ര ; മോഷണങ്ങൾ എത്ര ; അമ്പല മോഷണങ്ങൾ എത്ര ;

(സി) ജില്ലയിൽ നടന്ന എത്ര കൊലപാതകങ്ങളിൽ പ്രതികളെ പിടികൂടാനുണ്ട് ;

(ഡി) പ്രതികളെ കിട്ടാത്ത കേസുകൾ ഏതാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly